## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2843 — 13.03.2018- ൽ മറുപടിയ്ക്ക്

### സുസ്ഥിര കാർഷിക വികസനത്തിനും കീടബാധനിയന്ത്രണത്തിനായും പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ്<br>ശ്രീ. ബി.ഡി ദേവസ്സി<br>ശ്രീ. ഒ.ആർ. കേളു<br>ശ്രീ. കെ. കുഞ്ഞിരാമൻ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സുസ്ഥിര കാർഷിക വികസനത്തിന് അനുവാര്യമായ കീടബാധ നിയന്ത്രണത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (എ) കാർഷിക വിളകളുടെ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുന്നതിന് കൃഷി വകുപ്പ് മുഖേന വിള ആരോഗ്യ പരിപാലന പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ 152 ബ്ലോക്കുകളിലായി തെരഞ്ഞെടുത്ത 202 കൃഷിഭവനുകൾ മുഖേന പ്രധാന വിളകളിൽ കീടരോഗ നിരീക്ഷണം നടത്തുകയും കർഷകർക്ക് കീടരോഗബാധ സംബന്ധിച്ച് മുന്നറിയിപ്പ് നൽകുകയും മുൻകൂട്ടി നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള ശാസ്ത്രീയ നിർദേശങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു. വിള ആരോഗ്യ ക്ലിനിക്കുകൾ മുഖേനയും കീട നിരീക്ഷണ പത്രികകളിലൂടെയും കർഷകർക്ക് ആവശ്യമായ നിർദേശങ്ങൾ ലഭ്യമാക്കി വരുന്നു. സംയോജിത കീടനിയന്ത്രണം ജൈവീക നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയ്ക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ, മങ്കൊമ്പ് കീട നിരീക്ഷണകേന്ദ്രം എന്നിവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൃഷി ഓഫീസർമാർക്ക് വിള ആരോഗ്യ പരിപാലനത്തിൽ ദ്വിവൽസര ഡിപ്ലോമ കോഴ്സ് ഹൈദ്രാബാദിലെ NIPHM മുഖേന നടപ്പിലാക്കുകയും പ്രസ്തുത കോഴ്സ് പാസ്സായ ഉദ്യോഗസ്ഥർ മുഖേന പ്രകൃതി സൗഹൃദവിള ആരോഗ്യ പരിപാലന മുറകൾ കർഷകരുടെ കൃഷിയിടങ്ങളിൽ നടപ്പിലാക്കുകയും ചെയ്തു വരുന്നു. കൂടാതെ എലിനശീകരണ ക്യാംമ്പയിനുകൾ, പരിശീലന പരിപാടികൾ, ബോധവൽക്കരണം എന്നിവയും നടപ്പിലാക്കി വരുന്നു. നാളികേരത്തിലെ കീടരോഗ |

നിയന്ത്രണം കർഷക കൂട്ടായ്മയിലൂടെ കീടരോഗ ബാധിത ഏര്യ മുഴുവനുമായി കേന്ദ്രീകരിച്ച് ക്യാംമ്പയിൻ അടിസ്ഥാനത്തിൽ സസ്യ സംരക്ഷണ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) അഗ്രോക്ലിനിക്കുകളുടെ ലക്ഷ്യവും പ്രവർത്തനവ്യാപ്തിയും വിശദമാക്കുമോ; എന്തെല്ലാം സേവനങ്ങളാണ് ഇത്തരം ക്ലിനിക്കുകൾ നൽകി വരുന്നത്;

(ബി) ശാസ്ത്രീയമായി ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കീടരോഗബാധ നിയന്ത്രിക്കുന്നതിന് അനുവർത്തിക്കേണ്ട ശാസ്ത്രീയ മാർഗ്ഗങ്ങൾ സംബന്ധിച്ച് നിർദ്ദേശം കർഷകർക്ക് നൽകുന്നു. ഈ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് കൃഷി ഭവനുകളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ തുടങ്ങിയിട്ടുണ്ട്. 2016-2017 വരെ 152 ബ്ലോക്കുകളിലായി 152 കൃഷിഭവനുകളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിച്ച് പ്രവർത്തനം തുടരുന്നു. കൂടാതെ 4 ജില്ലാതല റഫറൽ ക്ലിനിക്കുകളും സ്ഥാപിച്ച് സേവനം നടത്തി വരുന്നു. 2017-18 ൽ 50 കൃഷിഭവനുകളിൽ കൂടി പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പുതിയതായി ആരംഭിച്ചിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ കൃഷിയിടം സന്ദർശിക്കുന്ന പെസ്റ്റ് സ്കൗട്ടുകൾ ശാസ്ത്രീയമായ വിവരങ്ങൾ ശേഖരിക്കുന്നു. കീടരോഗ നിർണ്ണയത്തിനുള്ള ഉപകരണങ്ങൾ, ശത്രു/മിത്ര കീടങ്ങളെ തിരിച്ചറിയാനുള്ള സ്പെസിമനുകൾ, കീടരോഗ ലക്ഷണങ്ങൾ സംബന്ധിച്ച പോസ്റ്ററുകൾ, ചാർട്ടുകൾ -ഫോട്ടോഗ്രാഫുകൾ എന്നിവയും കൃഷി സംബന്ധമായ വിവരങ്ങൾ അടങ്ങിയ ചെറു ലൈബ്രറിയും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിൽ സ്ഥാപിച്ചിട്ടുണ്ട്. കീടരോഗ നിർണ്ണയവും പ്രതിരോധമാർഗ്ഗങ്ങൾ സംബന്ധിച്ച നിർദേശങ്ങളും മണ്ണിന്റെ അമ്ലത്വ പരിശോധനയും സന്തുലിത വളപ്രയോഗം സംബന്ധിച്ച നിർദേശങ്ങളും ഈ ക്ലിനിക്കിൽ നിന്ന് നൽകും. കീടരോഗ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് ആവശ്യമായ നിർദേശങ്ങൾ അടങ്ങുന്ന പെസ്റ്റ് ബുള്ളറ്റിനുകൾ രണ്ടാഴ്ചയിലൊരിക്കൽ കർഷകർക്ക് നൽകുന്നു. ഇതുവഴി മിത്ര കീടങ്ങളെ തിരിച്ചറിയാനും കീടബാധയെപ്പറ്റി മുന്നറിയിപ്പ് നൽകാനും അതനുസരിച്ച് രാസ കീടനാശിനികൾ പരമാവധി കുറച്ച് വിളകളെ സംരക്ഷിക്കുന്നതിനുള്ള ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കാനും കർഷകർക്ക് കഴിയുന്നു. ഇവ

| | |
|---|---|
| | കൂടാതെ കീടരോഗ നിയന്ത്രണത്തിന് ഇന്റർനെറ്റ് ആസ്പദമാക്കികൊണ്ടുള്ള Crop Pest Surveillance System (CPSS) എന്ന സേവനവും കർഷകർക്ക് നൽകി വരുന്നു. |
| (സി) വിള ആരോഗ്യ പരിപാലന (സി) പദ്ധതിയുടെ ലക്ഷ്യമെന്താണെന്ന് അറിയിക്കാമോ; കീടനിരീക്ഷണ സംവിധാനങ്ങളും ജൈവകീടനിയന്ത്രണ മാർഗ്ഗങ്ങളും അവയുടെ പ്രചരണത്തിനായുള്ള പ്രവർത്തനങ്ങളും വിശദമാക്കുമോ? | വിളകളെ ബാധിക്കുന്ന കീടരോഗബാധ, സസ്യപോഷണ മൂലകങ്ങളുടെ ഏറ്റക്കുറച്ചിലുകൾ എന്നിവ ഫീൽഡ് തല നിരീക്ഷണത്തിലൂടെ കണ്ടെത്തി വിളകളുടെ സംരക്ഷണത്തിനായി ആവശ്യമായ ശാസ്ത്രീയ നിർദേശങ്ങൾ യഥാസമയം കർഷകർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ വിള ആരോഗ്യ പരിപാലന പദ്ധതി (Crop Health Management Scheme) നടപ്പിലാക്കിവരുന്നു.<br><br>പ്രധാനമായി നെല്ല്,തെങ്ങ്,വാഴ, പച്ചക്കറി, കുരുമുളക് എന്നീ വിളകളാണ് കീടരോഗ നിരീക്ഷണത്തിനായി പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൃത്യമായ ഇടവേളകളിൽ കൃഷിയിടം സന്ദർശിക്കുന്ന പെസ്റ്റ് സ്കൗട്ടുകൾ ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കീടരോഗബാധ നിയന്ത്രിക്കുന്നതിന് അനുവർത്തിക്കേണ്ട ശാസ്ത്രീയ മാർഗ്ഗങ്ങൾ സംബന്ധിച്ച നിർദേശം കർഷകർക്ക് നൽകുന്ന ഈ പ്രവർത്തനങ്ങൾ ഫല പ്രദമായി നടപ്പിലാക്കുന്നതിന് കൃഷിഭവനുകളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ തുടങ്ങിയിട്ടുണ്ട്. 2016-17 വരെ 152 ബ്ലോക്കുകളിലായി 152 കൃഷിഭവനുകളിൽ പ്ലാന്റ്ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിച്ച് പ്രവർത്തനം തുടരുന്നു. നാല് ജില്ലാതല റഫറൽ ക്ലിനിക്കുകളും പ്രവർത്തിച്ച് വരുന്നു. 2017-18 ൽ 50 കൃഷിഭവനുകളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ കൂടി സ്ഥാപിച്ചിട്ടുണ്ട്. കീടരോഗ നിർണ്ണയത്തിനുള്ള ഉപകരണങ്ങൾ , ശത്രു/മിത്ര കീടങ്ങളെ തിരിച്ചറിയാനുള്ള സ്പെസിമനുകൾ, കീടരോഗബാധ ലക്ഷണങ്ങൾ സംബന്ധിച്ച പോസ്റ്ററുകൾ,ചാർട്ടുകൾ ഫോട്ടോഗ്രാഫുകൾ, എന്നിവയും കൃഷി സംബന്ധമായ വിവരങ്ങൾ അടങ്ങിയ ചെറു ലൈബ്രറിയും പ്ലാന്റ്ഹെൽത്ത് ക്ലിനിക്കുകളിൽ സ്ഥാപിച്ചിട്ടുണ്ട്. കീടരോഗ നിർണ്ണയവും പ്രതിരോധമാർഗ്ഗങ്ങൾ സംബന്ധിച്ച നിർദേശങ്ങളും മണ്ണിന്റെ അമ്ലത്വ പരിശോധനയും സന്തുലിത വളപ്രയോഗം സംബന്ധിച്ച നിർദേശങ്ങളും ഈ ക്ലിനിക്കിൽ |

നിന്ന് നൽകും. കീടരോഗ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് ആവശ്യമായ നിർദേശങ്ങൾ അടങ്ങുന്ന പെസ്റ്റ് ബുള്ളറ്റിനുകൾ രണ്ടാഴ്ചയിലൊരിക്കൽ കർഷകർക്ക് നൽകുന്നു. ഇതുവഴി മിത്ര കീടങ്ങളെ തിരിച്ചറിയാനും കീടബാധയെപ്പറ്റി മുന്നറിയിപ്പ് നൽകാനും അതനുസരിച്ച് രാസകീടനാശിനികൾ പരമാവധി കുറച്ച് വിളകളെ സംരക്ഷിക്കുന്നതിനുള്ള ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കാനും കർഷകർക്ക് കഴിയുന്നു.

**സെക്ഷൻ ഓഫീസർ**